# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.376

19.10.2016-ൽ
മറുപടിയ്ക്ക്

## 'നമുക്ക് ജാതിയില്ലാ വിളംബര'ത്തിന്റെ നൂറാം വാർഷികം

**ചോദ്യം**

ശ്രീ റ്റി.വി.രാജേഷ്
ശ്രീ പി.ഉണ്ണി
ശ്രീ ജോൺ ഫെർണാണ്ടസ്
ശ്രീ വി.ജോയി

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ശ്രീനാരായണഗുരുവിന്റെ 'നമുക്ക് ജാതി യില്ലാ വിളംബര'ത്തിന്റെ നൂറാം വാർഷികം എങ്ങനെയെല്ലാമാണ് ആഘോഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ലാ വിളംബര'ത്തിന്റെ നൂറാം വാർഷികാഘോഷങ്ങൾ സാംസ്കാരികകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പ്, വിവര പൊതുജന സമ്പർക്ക വകുപ്പ്, സംസ്ഥാന ലൈബ്രറി കൗൺസിൽ എന്നിവയുടെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്. 'നമുക്ക് ജാതിയില്ലാ വിളംബരം' നൂറാം വാർഷികാഘോഷങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം 2016 സെപ്തംബർ 21-ന് ബഹു: മുഖ്യമന്ത്രി നിർവഹിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ജില്ലാ ലൈബ്രറി കൗൺസിൽ എന്നിവ മുഖേന നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികാഘോഷ പരിപാടികൾ ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും സംഘടിപ്പിച്ച് വരുന്നു. |
| (ബി) കൂടുതൽ ആളുകളെ ആഘോഷത്തിൽ പങ്കാളികളാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ലാ വിളംബര'ത്തിന്റെ നൂറാം വാർഷിക ആഘോഷ പരിപാടിക്ക് പ്രമുഖ പത്രങ്ങളിലൂടെ വിപുലമായ പ്രചരണം നൽകിയിട്ടുണ്ട്. സാംസ്കാരിക കാര്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവര പൊതുജന സമ്പർക്ക വകുപ്പ്, സംസ്ഥാന ലൈബ്രറി കൗൺസിൽ എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്ത് ചുരുങ്ങിയത് 6000 സ്ഥലങ്ങളിലെങ്കിലും ആഘോഷ പരിപാടികൾ സംഘടിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ജാതിയില്ലാ വിളംബരത്തിന്റെ ലഘുലേഖ കൾ അച്ചടിച്ച് സ്കൂളുകളിൽ വിതരണം ചെയ്യുമോ; | (സി) | ശ്രീനാരായണ ഗുരുവിന്റെ കൈയൊപ്പ് പതിച്ച 25000 കലണ്ടറുകൾ വിവര പൊതുജന സമ്പർക്ക വകുപ്പ് തയ്യാറാക്കി സംസ്ഥാന ലൈബ്രറി കൗൺസിൽ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ ലഘുലേഖകൾ സ്കൂളുകളിൽ വിതരണം ചെയ്യുന്ന കാര്യം വിദ്യാഭ്യാസ വകുപ്പുമായും വിവര പൊതുജന സമ്പർക്ക വകുപ്പുമായും ബന്ധപ്പെട്ട് പരിശോധിക്കുന്ന താണ്. |
| (ഡി) | സംസ്ഥാനത്തെ വിവിധ ലൈബ്രറികൾ മുഖേന ഇതിന് പ്രചരണം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാന ലൈബ്രറി കൗൺസിലിനെ കൂടി പങ്കെടുപ്പിച്ച് കൊണ്ടാണ് നമുക്ക് ജാതിയില്ല വിളംബരത്തിന്റെ ശതാബ്ദി ആഘോഷ പരിപാടികൾ സംഘടിപ്പിച്ച് വരുന്നത്. ശ്രീനാരായണ ഗുരുവിന്റെ കൈയൊപ്പ് പതിച്ച കലണ്ടറുകൾ വിവര പൊതുജന സമ്പർക്ക വകുപ്പ് തയ്യാറാക്കി സംസ്ഥാന ലൈബ്രറി കൗൺസിൽ മുഖേന വിതരണം ചെയ്യുകയും, 6000 ത്തോളം വരുന്ന ലൈബ്രറികളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ